## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1541 — 03.10.2016 -ൽ മറുപടിക്ക്

### അളവ് തൂക്കങ്ങളിലെ വ്യാപക ക്രമക്കേട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ കച്ചവട കേന്ദ്രങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും അളവ് തൂക്കങ്ങളിൽ വ്യാപക ക്രമക്കേട് ഉള്ളത് പരിഹരിക്കുവാൻ ലീഗൽ മെട്രോളജി വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കച്ചവട കേന്ദ്രങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും അളവ് തൂക്കങ്ങളിൽ ക്രമക്കേട് നടക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് നിരന്തരമായി പരിശോധനകൾ, പ്രതിമാസമുള്ള പ്രത്യേക മിന്നൽ പരിശോധനകൾ, ശബരിമല അടക്കമുള്ള ഉത്സവകാലങ്ങളിൽ പ്രത്യേക മിന്നൽ പരിശോധനകൾ എന്നിവ നടത്തി വരുന്നു. |
| (ബി) | വ്യാപാര സ്ഥാപനങ്ങളിലെ ത്രാസ്സുകൾ സീൽ പതിപ്പിക്കുന്നതിനു വേണ്ടി കർശനമായ നിർദ്ദേശങ്ങൾ നൽകുമോ; ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന കാര്യം പരിഗണിക്കുമോ; പരമാവധി ശിക്ഷ എന്താണെന്നു കൂടി അറിയിക്കാമോ; | (ബി) | വ്യാപാര സ്ഥാപനങ്ങളിലെ ത്രാസ്സുകൾ സീൽ പതിപ്പിക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് നിരന്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലീഗൽ മെട്രോളജി ആഫീസുകളിൽ വച്ചും വ്യാപാരികൾക്ക് സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിൽ വച്ചും, ക്യാമ്പുകൾ സംഘടിപ്പിച്ച്കൊണ്ട് ത്രാസ്സുകൾ സീൽ ചെയ്തുകൊടുക്കുന്ന രീതിയും, ലീഗൽ മെട്രോളജി ഉദ്യാഗസ്ഥർ വ്യാപാരസ്ഥാപനങ്ങളിൽ പോയി അളവുതൂക്ക ഉപകരണങ്ങൾ സീൽ ചെയ്തു കൊടുക്കുന്ന രീതിയും ഇതിനായി അവലംബിച്ച് വരുന്നു. നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്ക് പരമാവധി ശിക്ഷ 10,000 രൂപയും ഒരു വർഷം തടവും വരെ ലഭിക്കാവുന്നതാണ്. |
| (സി) | ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന കർശനമാക്കുന്നില്ല എന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കർശന പരിശോധനകളാണ് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ നടത്തി വരുന്നത്. 2016-17 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ ഉത്തരത്തിലുള്ള പരിശോധനകൾ നടത്തിയതിനെ തുടർന്ന് 10788 കേസുകൾ കണ്ടെടുക്കുകയും 2,86,50,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ